**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2856** **13-12-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല മണ്ഡലത്തിലെ സർക്കാർ ഓഫീസുകളിൽ പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നതിന് വൈദ്യുതി വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; | (എ) | സർക്കാർ ഓഫീസുകളിലെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവരുടെ കെട്ടിടങ്ങളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാനും ആയതിന്റെ അടിസ്ഥാനത്തിൽ റൂഫ് ടോപ്പ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന നോഡൽ ഓഫീസർ, സൗര പ്രോജക്ട്/KSEBL-ന്റെ അംഗീകൃത പ്രതിനിധികൾ എന്നിവരുമായി ഒരു കരാറിൽ ഏർപ്പെടുന്നതിനും ഓഫീസ് മേധാവികൾക്ക് നിർദ്ദേശം 06.08.2020 ലെ സ.ഉ.(സാധാ) നം.87/2020/ഊ.വ, 03.11.2020ലെ സ.ഉ.(സാധാ) നം.118/2020/ഊ.വ എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അതത് വകുപ്പുകൾ/ കാര്യാലയങ്ങൾ ആവശ്യപ്പെടുന്ന മുറക്കാണ് പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നത്.<br><br>പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ കെ.എസ്.ഇ.ബി.എൽ. സൗര പദ്ധതി പ്രകാരം സർക്കാർ ഓഫീസുകളിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടില്ല. |
| (ബി) | എങ്കിൽ ആരാണ് തുടർനടപടി സ്വീകരിക്കേണ്ടത്; എന്ത് നടപടിയാണ് നാളിതുവരെ സ്വീകരിച്ചത്; തുടർനടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | സർക്കാർ ഓഫീസുകളിലെ വൈദ്യുതി ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അവരുടെ കെട്ടിടങ്ങളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാനും ആയതിന്റെ അടിസ്ഥാനത്തിൽ റൂഫ് ടോപ്പ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന നോഡൽ ഓഫീസർ, സൗര പ്രോജക്ട്/KSEBL-ന്റെ അംഗീകൃത പ്രതിനിധികൾ എന്നിവരുമായി ഒരു കരാറിൽ ഏർപ്പെടുന്നതിനും ഓഫീസ് മേധാവികൾക്ക് നിർദ്ദേശം 06.08.2020 ലെ സ.ഉ.(സാധാ) നം.87/2020/ഊ.വ, 03.11.2020ലെ സ.ഉ.(സാധാ) നം.118/2020/ഊ.വ എന്നിവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. അതത് വകുപ്പുകൾ/ |

| | | | |
|---|---|---|---|
| | | | കാര്യാലയങ്ങൾ ആവശ്യപ്പെടുന്ന മുറക്കാണ് പുരപ്പുറ സോളാർ പാനൽ സ്ഥാപിക്കുന്നത്.<br><br>പാറശ്ശാല നിയോജകമണ്ഡലത്തിൽ നിലവിൽ കെ.എസ്.ഇ.ബി.എൽ. സൗര പദ്ധതി പ്രകാരം സർക്കാർ ഓഫീസുകളിൽ സോളാർ പാനൽ സ്ഥാപിച്ചിട്ടില്ല. |
| (സി) | പുരപ്പുറ സോളാർ പദ്ധതി പ്രകാരം പാറശ്ശാല മണ്ഡലത്തിലെ എത്ര ഗാർഹിക ഉപഭോക്താക്കൾ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്; ആയതിന്റെ വിശദാംശം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; | (സി) | പുരപ്പുറ സോളാർ പദ്ധതി പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 85 ഉം (മൊത്തം സ്ഥാപിതശേഷി 341.08 Kwp) അനെർട്ട് മുഖേന 5 ഉം ഗാർഹിക ഉപഭോക്താക്കൾ സോളാർ പാനൽ സ്ഥാപിച്ചിട്ടുണ്ട്.<br><br>പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |
| (ഡി) | പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്, അമ്പൂരി, ആര്യൻകോട് ഉൾപ്പെടെയുള്ള വിവിധ പഞ്ചായത്തുകളിൽ വോൾട്ടേജ് വ്യതിയാനവും വൈദ്യുതി തടസ്സവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെള്ളറട സബ്സ്റ്റേഷനിൽ നിന്ന് പുതുതായി രണ്ട് 11കെ.വി. ഫീഡറുകൾ ചാർജ്ജ് ചെയ്തിട്ടുണ്ട്. എൽ.ടി. വൈദ്യുതി ലൈനുകളിൽ വൈദ്യുതി തടസ്സം കുറയ്ക്കുന്നതിനായി സ്പേസറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 'ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി 3.32 കിലോമീറ്റർ സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റിയിട്ടുണ്ട്. കൂടാതെ, 129.59 കിലോമീറ്റർ പഴയ കമ്പി മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. അതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.ഡി.എസ്.എസ്. പ്രകാരം 3 കിലോമീറ്റർ ഏരിയൽ ബഞ്ച്ഡ് കേബിളും 'ദ്യുതി 2' പദ്ധതി പ്രകാരം 12 കിലോമീറ്റർ സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. ഒറ്റശേഖരമംഗലത്ത് പുതിയ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കെ.എസ്.ഇ.ബി.എൽ.

| പഞ്ചായത്ത് | എണ്ണം | കപ്പാസിറ്റി (KW) |
|---|---|---|
| ആര്യംകോട് | 6 | 24 |
| വെള്ളറട | 13 | 53 |
| ഒറ്റശേഖരമംഗലം | 15 | 54.44 |
| അമ്പൂരി | 5 | 23.22 |
| കള്ളിക്കാട് | 3 | 19.00 |
| പാറശ്ശാല | 25 | 96.465 |
| കുന്നത്തുകാൽ | 16 | 64.55 |
| കൊല്ലയിൽ | 2 | 6.4 |
| **ആകെ** | **85** | **341.08 Kwp** |

## അനെർട്ട്

| ക്രമനമ്പർ | പഞ്ചായത്ത് | എണ്ണം |
|---|---|---|
| 1 | അമ്പൂരി | 1 |
| 2 | പാറശാല | 2 |
| 3 | ചെങ്കൽ | 1 |
| 4 | കൊല്ലയിൽ | 1 |
| **ആകെ** | | **5** |

**സെക്ഷൻ ഓഫീസർ**